## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1881 — 06.02.2019 ൽ മറുപടിയ്ക്ക്

## സ്ഥിരപ്പെട്ടുത്തപ്പെട്ട അംഗപരിമിത ജീവനക്കാരുടെ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) അംഗപരിമിതരായ താൽക്കാലിക ജീവനക്കാരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെട്ടുത്തിക്കൊണ്ട് നൽകിയ ഉത്തരവ് പ്രകാരം ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് പ്രൊബേഷനും പ്രമോഷനും ആശ്രിതനിയമനവും ലഭ്യമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;<br><br>(ബി) 16.05.1998 മുതൽ 15.08.1999 വരെയുള്ള കാലയളവിലെ വികലാംഗ ജീവനക്കാരെ സ്ഥിരപ്പെട്ടുത്തിക്കൊണ്ട് 2005 ൽ ഇറങ്ങിയ ഉത്തരവുപ്രകാരം സ്ഥിരമാക്കപ്പെട്ടവർക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യങ്ങൾ പിന്നീട് സ്ഥിരമാക്കപ്പെട്ടവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ & ബി) 1.8.1994 മുതൽ 31.12.1996 വരെയും 16.8.99 മുതൽ 31.12.2003 വരെയും കാലയളവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക സേവനമനുഷ്ഠിച്ച് പുനർനിയമനം ലഭിച്ച അംഗപരിമിത ജീവനക്കാർക്ക് പ്രൊബേഷൻ, സീനിയോരിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ ഒഴികെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാണ്. |

Jasmin Thomas

സെക്ഷൻ ഓഫീസർ